ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെ ഒരുസ്റ്റാൻഡേർഡൈസ്ഡ് പ്രൈസ് നിശ്ചയിക്കാൻ ഇപ്പോഴും തീരുമാനിച്ചിട്ടില്ല.

ക്ഷയരോഗികൾക്കുള്ള ധനസഹായപദ്ധതി

* 115. [6] † ശ്രീ. പി. എസ്സ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷയരോഗികൾക്കുള്ള ധനസഹായപദ്ധതി നടപ്പിലാക്കിയോ; എന്നുമുതൽ ;

(ബി) ഈ പദ്ധതിയനുസരിച്ച് ഇന്നുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് :

(സി) ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിച്ചിരിക്കുന്നത് ഏതു താലൂക്കിൽനിന്നാണ് ;

(ഡി) ഇതുവരെ ആകെ എത്ര അപേക്ഷകൾക്ക് ഈ പദ്ധതിയനുസരിച്ച് സംഖ്യ കൊടുത്തിട്ടുണ്ട് ;

(ഇ) മൊത്തം എത്ര രൂപ കൊടുത്തിട്ടുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നടപ്പിലായി; 14–8–1963 മുതൽ.

(ബി) 5,810 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) കോഴിക്കോട്ട താലൂക്കിൽനിന്ന്.

(ഡി, ഇ) ചില അപേക്ഷകൾ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. സംഖ്യ ആകെ കൊടുത്തിട്ടില്ല. കൊടുക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മി. സ്പീക്കർ : 19–ാം നമ്പർ ചോദ്യത്തിനുകൂടി ഉത്തരം പറയാം.

ക്ഷയരോഗികൾക്കുള്ള ധനസഹായം

* 116. [19] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ പ്രവേശനം ലഭിക്കാത്ത ക്ഷയരോഗികൾക്ക് ധനസഹായം നൽകുവാനായി 1963–64–ൽ നീക്കിവെച്ച സംഖ്യയെത്ര ;

(ബി) ഇതുവരെയായി എത്ര ഹർജികൾ ഗവണ്മെന്റിന് കിട്ടിയിട്ടുണ്ട്; എത്ര ഹർജിക്കാർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ട്;

(സി) ഒരു ക്ഷയരോഗി സഹായത്തിന് അർഹനാകണമെങ്കിലുള്ള ഉപാധികൾ എന്ത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 2,00,000 രൂപ.

(ബി) 6–ാമത്തെ ചോദ്യത്തിനുകിട്ടിയ വിവരം ശേഖരിച്ചതിനുശേഷമുള്ള കണക്കാണിത്. 5,869 അപേക്ഷകൾ ഡിസ്ട്രിക്റ്റ് കളക്ടർമാർ മുഖേന കിട്ടിയിട്ടുണ്ട്. ചില അപേക്ഷകൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. മറ്റുചിലവ പരിശോധിച്ചുവരുന്നു. സഹായധനം ആർക്കും വിതരണം ചെയ്തിട്ടില്ല.

(സി) ചട്ടങ്ങളുടെ ഒരു കോപ്പി മേശപ്പുറത്ത് വച്ചിട്ടുണ്ട്.

† Put by Shri E. P. Gopalan

‡ Appendix I

LIBRARY ARCHIVES Kerala Legislative Assembly